## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3378 23-06-2014-ൽ മറുപടിക്ക്

### സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട എക്സൈസ് കേസുകൾ

| | ചോദ്യം: | | ഉത്തരം: |
|---|---|---|---|
| | ശ്രീ. കെ. കെ. നാരായണൻ: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം എത്ര എക്സൈസ് കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം 2014 മേയ് വരെ 41,707 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | സുപ്രീം കോടതി മുതൽ താഴേക്കുള്ള ഓരോ കോടതിയുടെയും പരിഗണനയിൽ സംസ്ഥാനത്തെ എത്ര എക്സൈസ് കേസ്സുകൾ വീതമുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | വിവിധ കോടതികളുടെ പരിഗണനയിലായി 38,641 എക്സൈസ് കേസ്സുകൾ ഉണ്ട്. |
| (സി) | ഇവയിൽ പത്തുവർഷത്തിലേറെ കാലപ്പഴക്കമുള്ള കേസുകളെത്ര; അഞ്ച് വർഷത്തിലേറെ പഴക്കമുളളവ എത്ര; അതിൽ കുറഞ്ഞ കാലപ്പഴക്കമുള്ള കേസ്സുകളെത്ര; വ്യക്തമാക്കുമോ; | (സി) | പത്തുവർഷത്തിലേറെ പഴക്കമുള്ള 3,816 കേസുകളും, അഞ്ച് വർഷത്തിലേറെ പഴക്കമുള്ള 12,360 കേസുകളും, അഞ്ച് വർഷത്തിൽ താഴെ പഴക്കമുള്ള 22,465 കേസുകളും ഉണ്ട്. |
| (ഡി) | ഒരു വർഷം വരുന്ന പുതിയ കേസുകൾ ശരാശരി എത്ര വീതമെന്ന് വ്യക്തമാക്കാമോ; | (ഡി) | 2011 - 10,458<br>2012 - 15,043<br>2013 - 12,933 |
| (ഇ) | ഈ സർക്കാർ അധികാരമേറ്റശേഷം എത്ര അബ്കാരി കേസുകളിൽ പരാജയം നേരിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഇ) | 3634 അബ്കാരി കേസുകളിൽ പരാജയം നേരിട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത കാലയളവിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ പുതുതായി എത്ര ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എഫ്) | കോടതി വിധിയുടെ അടിസ്ഥാനത്തിൽ 38 ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്. |
| (ജി) | അബ്കാരി കേസ്സുകൾ വാദിക്കുന്നതിന് എക്സൈസ് വകുപ്പിന് മാത്രമായി പ്രത്യേക അഭിഭാഷകനെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (ജി) | ഇല്ല. |
| (എച്ച്) | അബ്കാരി കേസുകളിൽ പരാജയപ്പെടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എച്ച്) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഐ) | ഇക്കാര്യങ്ങൾ പരിശോധിച്ച് എക്സൈസ് വകുപ്പിന് പ്രത്യേക അഭിഭാഷകനെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഐ) | എക്സൈസ് വകുപ്പിന് പ്രത്യേകം അഭിഭാഷകനെ നിയമിക്കുന്ന കീഴ്വഴക്കമില്ല. |

സെക്ഷൻ ആഫീസർ